## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4602. — 04/02/2014 -ൽ മറുപടിക്ക്

**നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോജക്ട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>,, പി.സി. വിഷ്ണുനാഥ്<br>,, ലൂഡി ലൂയിസ്<br>,, എ.പി.അബ്ദുള്ളക്കുട്ടി. | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നാഷണൽ ലാന്റ് റെക്കാർഡ്സ് മോഡേണൈസേഷൻ പ്രോജക്റ്റ് സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കാർഡ്സ് മോഡേണൈസേഷൻ പ്രോജക്ടിന്റെ ഭാഗമായി, 2010-11 മുതൽ 2012-13 സാമ്പത്തികവർഷം വരെ, സംസ്ഥാനത്തെ 226 സബ് രജിസ്ട്രാർ ഓഫീസുകളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) റവന്യൂ, രജിസ്ട്രേഷൻ വിവരങ്ങൾക്ക് ഏകീകൃത സ്വഭാവം നടപ്പിലാക്കൽ, ഭൂരേഖകളുടെ സുതാര്യവും സുഗ്രഹവുമായ നടത്തിപ്പ്, സബ് രജിസ്ട്രാർ ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം, ആധാരങ്ങളുടെ ഡാറ്റാ എൻട്രി, ഭൂരേഖകളുടെ സ്കാനിങ്ങും സംരക്ഷണവും, ആധാരങ്ങളുടെ വിവരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കി കേന്ദ്രീകൃത രീതിയിൽ സൂക്ഷിക്കൽ എന്നിവയാണ് പ്രധാന ഉദ്ദേശ്യങ്ങൾ. |
| സി) ഏതെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | സി) നാഷണൽ ലാന്റ് റെക്കാർഡ്സ് മോഡേണൈസേഷൻ പ്രോജക്ടിന്റെ ഭാഗമായി 25% കേന്ദ്രവിഹിതമാണ് ലഭിക്കുന്നത്. |

| | |
|---|---|
| ഡി) ഇവ നടപ്പിലാക്കുന്നതിൽ എത്ര മാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) 25% കേന്ദ്രവിഹിതവും 75% സംസ്ഥാന വിഹിതവും വിനിയോഗിച്ച്, 116 സബ് രജിസ്ട്രാർ ഓഫീസുകളിൽ 1980 മുതലുള്ള വിവരങ്ങളുടെ ഡേറ്റാ എൻട്രി ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 195 ഓഫീസുകളിലും ഡേറ്റാ എൻട്രി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. തിരുവനന്തപുരം ജില്ലയിലെ ശാസ്തമംഗലം, പട്ടം, ചാല, നേമം, വർക്കല എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിൽ 1980 മുതലുള്ള ആധാരങ്ങൾ സ്കാൻ ചെയ്ത് സൂക്ഷിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 55 സബ് രജിസ്ട്രാർ ഓഫീസുകളിൽ പുതിയ കമ്പ്യൂട്ടറുകൾ ലഭ്യമാക്കി. 50 ഡിജിറ്റൽ ക്യാമറകൾ ഈ സ്കീം പ്രകാരം വാങ്ങി സബ് രജിസ്ട്രാർ ഓഫീസുകൾക്ക് നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ലഭിച്ച തുകയുടെ 89.69% ഇതിനോടകം വിനിയോഗിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ